# കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

# "ഹസ്തദാനം"

---

## ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

---

# സ്ഥിര നിക്ഷേപത്തിലൂടെ

## (പ്രായപരിധി പന്ത്രണ്ട് വയസ്സ് വരെ)


**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ**
**പൂജപ്പുര, തിരുവനന്തപുരം - 695 012**
**ഫോൺ നമ്പർ : 0471-2347768, 7152, 7153, 7156**
വെബ്സൈറ്റ്: **www.hpwc.kerala.gov.in**
ഇ.മെയിൽ: : **kshpwc2017@gmail.com**

***മേഖലാ ഓഫീസ്:***
**കോസ്റ്റ്ഗാർഡിന് എതിർവശം,**
**ഫോർട്ട്കൊച്ചി, കൊച്ചി - 682 001**
**ഫോൺ:** 9400141669.

***മേഖലാ ഓഫീസ്:***
**സിവിൽ സ്റ്റേഷൻ**
**ഡി ബ്ലോക്ക്,**
**കോഴിക്കോട് -673020**
**ഫോൺ:0495-2370463**

# കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

# 'ഹസ്തദാനം' (ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും

1. ചുരുക്കപ്പേര്

ഈ നിബന്ധനകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്ന പേരിൽ അറിയപ്പെടുന്നതാണ്.

2. **ലക്ഷ്യങ്ങൾ**

ഭിന്നശേഷിത്വം മൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ പന്ത്രണ്ടു വയസ്സുവരെയുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക സ്ഥിരനിക്ഷേപം നടത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും

3. **വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും**

മറ്റ് നിയമങ്ങളിലോ, ഉത്തരവുകളിലോ നൽകിയിട്ടുള്ള നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും എന്തൊക്കെയായിരുന്നാലും താഴെപറയുന്ന വാക്കുകൾക്ക് ഈ നിബന്ധനകളെ സംബന്ധിച്ചിടത്തോളം ഇതിൽ നിർവ്വചിച്ചിട്ടുള്ള അർത്ഥവ്യാപ്തി മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

| | | |
|---|---|---|
| (എ) | ഭിന്നശേഷി കുട്ടി | 75 ശതമാനവും അതിനു മുകളിലും ഭിന്നശേഷിത്വം ഉണ്ടെന്നുള്ളതിന് മെഡിക്കൽ ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭിച്ച കുട്ടി. |
| (ബി) | കുടുംബം | കുട്ടിയുടെ അച്ഛനും അമ്മയും അടങ്ങിയത്. |
| (സി) | സ്ഥാപനം | കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ. |
| (ഡി) | ഉദ്യോഗസ്ഥൻ | ഈ നിബന്ധനകൾ അനുസരിച്ചുള്ള ജോലികൾ ചെയ്യുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ. |
| (ഇ) | സാമ്പത്തിക സഹായം | ഈ നിബന്ധനകൾ അനുസരിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ സ്ഥിരനിക്ഷേപമായി നൽകുന്ന തുക. |
| (എഫ്) | പ്രായപരിധി | ജനന ദിവസം മുതൽ 12 വയസ്സുവരെയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾ (ജനനം മുതൽ 12 വയസ്സുവരെ) |
| (ജി) | രക്ഷകർത്താവ്: | അച്ഛൻ/അമ്മ/നിയമാനുസൃത രക്ഷകർത്താവ് |

## 4. അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

(എ) അപേക്ഷകരായ (ഭിന്നശേഷി കുട്ടിയുടെ മാതാപിതാക്കൾക്ക്) കുടുംബത്തിന്റെ എല്ലായിനത്തിലും കൂടിയുള്ള മൊത്തം വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല.

(ബി) സാമ്പത്തിക സഹായത്തിന് അപേക്ഷ സ്വീകരിക്കുന്ന തീയതി സാമ്പത്തിക വർഷം അതായത് തനത് വർഷം ഏപ്രിൽ 1 മുതൽ.

(സി) ഭിന്നശേഷി കുട്ടിയുടെ (ജനനം മുതൽ 12 വയസ്സുവരെ) രക്ഷകർത്താക്കൾ മാത്രമേ അപേക്ഷിക്കാവു

(ഡി) മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ, വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നോ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ വികലാംഗക്ഷേമ കോർപ്പറേഷനിൽ വീണ്ടും അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

***കുറിപ്പ്:***

കേരളത്തിലെ സ്ഥിര താമസക്കാരായ ഭിന്നശേഷിക്കാരായ കുട്ടികൾ ഉള്ള കുടുംബം മാത്രമേ ഈ പദ്ധതി അനുസരിച്ചുള്ള സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുവാൻ പാടുള്ളു.

## 5. അപേക്ഷിക്കേണ്ട വിധം

ഇതിൻ പ്രകാരം സാമ്പത്തിക സഹായം ആവശ്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾ ഈ നിബന്ധനകൾക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന അപേക്ഷാഫാറത്തിൽ താഴെപ്പറയുന്ന രേഖകൾ സഹിതം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 6. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ
**(എല്ലാ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം)**

1. കുറഞ്ഞത് 75% ഭിന്നശേഷിത്വം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് 2 കോപ്പി
2. ജനന സർട്ടിഫിക്കറ്റ് 2 കോപ്പി (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്)
3. വില്ലേജ് ഓഫീസറിൽ നിന്നും ഒരു വർഷത്തിനകം ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് അസലും, ഒരു കോപ്പിയും
4. ഭിന്നശേഷിക്കാരായ കുട്ടിയുടെ രക്ഷകർത്താക്കൾ (അച്ഛനും/അമ്മയും) ആണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച ബന്ധുത്വ സർട്ടിഫിക്കറ്റ് (അസലും, ഒരു കോപ്പിയും)
5. അച്ഛന്റേയും അമ്മയുടെയും കുട്ടിയുടെയും ആധാർ കാർഡിന്റെ പകർപ്പ് - 2 വീതം
6. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്- 2 കോപ്പി
7. കുടുംബ ഫോട്ടോ (അച്ഛൻ, അമ്മ, ഭിന്നശേഷിയുള്ള കുട്ടി) 2 കോപ്പി - പോസ്റ്റ് കാർഡ് വലിപ്പത്തിൽ
8. ഭിന്നശേഷിക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് (ലഭിച്ചിട്ടുണ്ടെങ്കിൽ) 2 കോപ്പി

*കുറിപ്പ്:*

ജനനമരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഭിന്നശേഷികുട്ടിയുടെ കാര്യത്തിൽ ഗവൺമെന്റ് മെഡിക്കൽ (അലോപ്പതി) ഓഫീസറുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതായിരിക്കും

7. **സാമ്പത്തിക സഹായം**

ഹസ്തദാനം പദ്ധതി പ്രകാരം 20000/- രൂപ കുട്ടിയുടെ പേരിൽ നിക്ഷേപിക്കുകയും (ഫിക്സഡ് ഡെപ്പോസിറ്റായി) 18 വയസ്സ് പൂർത്തിയാകുന്ന സമയത്ത് അല്ലെങ്കിൽ മറ്റ് അത്യാവശ്യ ഘട്ടങ്ങളിലോ പലിശ ഉൾപ്പെടെ കുട്ടിക്ക് തിരിച്ചു നൽകുന്നതാണ്. സ്ഥിര നിക്ഷേപ രസീത് രക്ഷകർത്താക്കൾ സൂക്ഷിക്കുകയും കുട്ടിക്ക് 18 വയസ്സ് കഴിയുമ്പോൾ വികലാംഗക്ഷേമ കോർപ്പറേഷന്റെ അനുമതിയോടെ തുക കൈപ്പറ്റേണ്ടതുമാണ്. സ്ഥിരനിക്ഷേപ രസീത് യാതൊരു കാരണവശാലും പണയപ്പെടുത്താനോ കൈമാറ്റം ചെയ്യാനോ പാടില്ല.

**8. സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഉത്തരവ്.**

1. ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായ തുക നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

2. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവയെപ്പറ്റി ആവശ്യമായ അന്വേഷണം നടത്തിയശേഷം സാമ്പത്തിക സഹായം നൽകുന്നതായിരിക്കും.

3. ഇതു സംബന്ധിച്ച് കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും

**9. കരാർ**

ഉത്തരവു ലഭിച്ചു കഴിഞ്ഞാൽ കുട്ടിയുടെ രക്ഷകർത്താക്കൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ഫാറത്തിൽ 200/- രൂപ മുദ്രപത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

10. ഈ പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുണ്ടായിരിക്കും

11. ഭിന്നശേഷിത്വ സർട്ടിഫിക്കറ്റിൽ Temporary എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവർ സ്ഥിര നിക്ഷേപം (ഫിക്സെഡ് ഡിപ്പോസിറ്റ്) കാലാവധി പൂർത്തിയായി കൈപ്പറ്റുന്ന സമയത്ത് നിക്ഷേപിക്കപ്പെട്ട കുട്ടിയുടെ പേരിലുള്ള ഏറ്റവും പുതിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

# <u>രക്ഷകർത്താക്കളുടെ സത്യവാങ്മൂലം</u>

................................ ജില്ലയിൽ ................................താലൂക്കിൽ ................................വില്ലേജിൽ ........................................... വീട്ടിൽ താമസിക്കുന്ന ............................ ഉം ...........................(രക്ഷകർത്താക്കളുടെ പേര്) സമർപ്പിക്കുന്ന സത്യവാങ്മൂലം.

ഞങ്ങളുടെ മകളായ/ മകനായ ...... വയസ്സുള്ള ............................. ഞങ്ങളുടെ സംരക്ഷണയിലാണ് വളരുന്നത്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, ഹസ്തദാനം പദ്ധതി പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റായി ഞങ്ങളുടെ മകന്റെ/മകളുടെ പേരിൽ നിക്ഷേപിക്കുന്ന .................. രൂപയുടെ ഫിക്സഡ് ഡെപ്പോ സിറ്റ് രസീത് ഞങ്ങൾ സൂക്ഷിക്കുകയും, കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അനുമതി യോടെ തുക കൈപ്പറ്റുകയും ചെയ്യുന്നതാണ്. ടി ഫിക്സഡ് ഡെപ്പോസിറ്റ് രസീത് യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പണയപ്പെടുത്തുകയോ ചെയ്യുകയില്ല എന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു ആനുകൂല്യവും മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഇന്നേവരെ കൈപ്പറ്റിയിട്ടില്ല എന്ന് ബോധിപ്പിക്കുന്നു.

എന്ന്

രക്ഷകർത്താക്കൾ

സ്ഥലം :

അച്ഛന്റെ പേര്:

തീയതി :

ഒപ്പ്:

അമ്മയുടെ പേര്:

ഒപ്പ്:

# കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം- 695 012

## ഭിന്നശേഷിക്കാരായ കുട്ടികൾക്ക് (ജനനം മുതൽ 12 വയസ്സുവരെയുള്ള) സാമ്പത്തിക സഹായത്തിനുള്ള (സ്ഥിര നിക്ഷേപ പദ്ധതി) അപേക്ഷ.

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകരുടെ (കുട്ടിയുടെ അച്ഛന്റേയും, അമ്മയുടേയും) പേര്, മേൽവിലാസം, പിൻകോഡ് സഹിതം:<br>ആധാർ നമ്പർ: | | | |
| 2 | സ്ഥിരമായ മേൽവിലാസം<br>ഫോൺ നമ്പർ (ലാന്റ്/മൊബൈൽ) | | | |
| 3 | ജില്ല | | നിയോജകമണ്ഡലം | |
| 4 | കുട്ടിയുടെ പൂർണ്ണമായ പേര്<br>(ഇരട്ടപ്പേര് ഉൾപ്പെടെ) | | | |
| 5 | കുട്ടിയുടെ വയസ്സ്, ജനന തീയതി (കോർപ്പറേഷൻ/പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവയിൽ നിന്നും ലഭിച്ച ജനന സർട്ടിഫിക്കറ്റ്) | | | |
| 6 | ഭിന്നശേഷിത്വത്തിന്റെ സ്വഭാവം & തോത് (%) (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കണം) | | | |
| 7 | കുടുംബ വാർഷിക വരുമാനം (വില്ലേജ് ഓഫീസറിൽ നിന്ന് ലഭിച്ചത്) | | | |
| 8 | ഭിന്നശേഷിക്കാരുടെ തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുണ്ടെങ്കിൽ നമ്പർ | | | |
| 9 | മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദ വിവരം. | | | |

രക്ഷകർത്താക്കളുടെ ഒപ്പ്:

സ്ഥലം: അച്ഛൻ:

തീയതി: അമ്മ:

---

**ഓഫീസ് ഉപയോഗത്തിന്**

**ഉത്തരവ്**

ഹസ്തദാനം പദ്ധതി പ്രകാരം 12 വയസ്സ് വരെയുള്ളതും 50%-ൽ കുറയാത്തതുമായ ഭിന്നശേഷി കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സ്ഥിര നിക്ഷേപ പദ്ധതി പ്രകാരം............... & .................. ടെ മകളായ/മകനായ .............................. കുട്ടിയ്ക്ക് 20000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) സ്ഥിര നിക്ഷേപമായി .............................. ............... ശാഖയിൽ നിക്ഷേപിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

തീയതി.

മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

(200 രൂപ മുദ്രപത്രത്തിൽ)

**നിക്ഷേപത്തിന് അർഹരാകുന്നവർ മാത്രം ആവശ്യപ്പെടുന്ന മുറക്ക് 200 രൂപ മുദ്രപത്രത്തിൽ ഓഫീസിൽ നേരിട്ടെത്തി സത്യവാങ്മൂലം ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.**

(രക്ഷകർത്താക്കളുടെ സത്യവാങ്മൂലം)

....................................... ആണ്ട്......................... മാസം..................

തീയതി............................. ജില്ലയിൽ .......................................താലൂക്കിൽ

................................വില്ലേജിൽ............................................വീട്ടീൽ താമസം

............. ... ..... ............ മകൻ .... വയസ്സുള്ള..........................................

(ഭിന്നശേഷികുട്ടിയുടെ അച്ഛൻ/രക്ഷകർത്താവ്) ........................................ ടിയിൽ

..................... മകൾ... വയസ്സുള്ള ......................... .....(ഭിന്നശേഷികുട്ടിയുടെ

അമ്മ/രക്ഷകർത്താവ്) കൂടി ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

1. ഞങ്ങളുടെ മകൾ/മകൻ................................./............വയസ്സുള്ള ...... % ഭിന്നശേഷിയുള്ള കുട്ടിയാണ്. ടിയാൾ ഞങ്ങളുടെ സംരക്ഷണയിൽ വളരുകയാണ്.
2. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഞങ്ങളുടെ മകൾക്ക്/ മകന്........................ രൂപ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഹസ്തദാനം പദ്ധതി പ്രകാരം സ്ഥിരനിക്ഷേപമായി തിരുവനന്തപുരം ജില്ലയിലെ സിൻഡിക്കേറ്റ് ബാങ്കിന്റെ ....................... ബ്രാഞ്ചിൽ ഞങ്ങളുടെ മകളുടെ/മകന്റെ പേരിൽ നിക്ഷേപിക്കുന്നു. ടി തുകയുടെ സ്ഥിരനിക്ഷേപ രസീത് ഞങ്ങൾ സൂക്ഷിക്കുന്നതും, മകൾക്ക്/മകന് 18 വയസ്സ് പൂർത്തിയായ ശേഷം ഞങ്ങൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അനുമതി യോടെ തുക കൈപ്പറ്റുന്നതുമാകുന്നു.
3. ഭിന്നശേഷിക്കാരായ കുട്ടിക്ക് നൽകുന്ന സാമ്പത്തിക സഹായം ടിയാളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി മാത്രം ഉപയോഗിക്കുന്നതായിരിക്കും.
4. ടി ഫിക്സഡ് ഡെപ്പോസിറ്റ് രസീത് യാതൊരു കാരണവശാലും പണയപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നതല്ല.
5. ഇത്തരത്തിലുള്ള ഒരു ആനുകൂല്യവും മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഈ സ്ഥാപനത്തിൽ നിന്നോ ഇന്നേവരെ കൈപ്പറ്റിയിട്ടില്ലാത്തതാകുന്നു.

മേൽ വിവരിച്ച കാര്യങ്ങൾ എല്ലാം ശരിയും സത്യവുമാകുന്നു എന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്തു കൊള്ളുന്നു.

എന്ന്

രക്ഷകർത്താക്കൾ

സ്ഥലം :

തീയതി :

അച്ഛന്റെ പേര്:

ഒപ്പ്:

അമ്മയുടെ പേര്:

ഒപ്പ്:

*പ്രസിദ്ധീകരണത്തിന്*

## "ഹസ്തദാനം" തീവ്രവൈകല്യമുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ സ്ഥിരനിക്ഷേപം

## അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ തീവ്രഭിന്നശേഷിത്വമുള്ളവരും 2019 ഏപ്രിൽ 1 ന് 12 വയസ്സിൽ താഴെ പ്രായമുള്ളതുമായ കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. 50% മോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക കുടുംബ വരുമാനം പരമാവധി 1 ലക്ഷം രൂപ) കുട്ടികളുടെ രക്ഷകർത്താക്കളാണ് അപേക്ഷിക്കേണ്ടത്. 20,000/- രൂപയാണ് കുട്ടികൾക്ക് 18 വയസ്സാകുന്നതുവരെ നിക്ഷേപിക്കുക. 18 വയസ്സ് പൂർത്തിയാകുന്ന മുറക്ക് നിക്ഷേപ തുകയും പലിശയും കോർപ്പറേഷന്റെ അനുവാദത്തോടെ പിൻവലിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2019 ആഗസ്റ്റ് 5 – ാം** തീയതി വൈകുന്നേരം 5 മണിവരെ. പൂരിപ്പിച്ച അപേക്ഷകൾ എല്ലാ അനുബന്ധ രേഖകളും സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം- 12 എന്ന വിലാസത്തിൽ സമർപ്പിക്കാം. അപേക്ഷാഫോറവും വിശദ വിവരങ്ങളും www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. നം. 0471-2347768, 7152, 7153, 7156) എന്ന നമ്പരിൽ ബന്ധപ്പെടുക.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ